REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-03-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് നിയമ സഭാ തെരഞ്ഞെടുപ്പിന് നാമനിർദേശ പത്രികാ സമർപ്പണം പൂർത്തിയായി - 140 മണ്ഡലങ്ങളിലായി 1,252 സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചു.**
- **പത്രികകളുടെ സൂക്ഷ്മ പരിശോധന ഇന്ന്.**
- **പ്രിസൈഡിങ് ഓഫീസർമാരുടെയും ഫസ്റ്റ് പോളിംഗ് ഓഫീസർമാരുടെയും പരിശീലനം ഇന്ന് ആരംഭിക്കും.**
- **പശ്ചിമേഷ്യയിലെ സംഘർഷങ്ങൾക്കിടയിലും ബന്ധങ്ങളിൽ സൗഹൃദമുണ്ടാക്കാൻ ഇന്ത്യയ്ക്ക് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പ്രഥമ ദേശീയ ഇൻഡോർ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് ഭുവനേശ്വറിൽ തുടക്കം.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് നിയമ സഭാ തെരഞ്ഞെടുപ്പിന് നാമനിർദേശ പത്രികാ സമർപ്പണം പൂർത്തിയായി. 140 മണ്ഡലങ്ങളിലായി 1,252 സ്ഥാനാർത്ഥികളാണ് പത്രിക സമർപ്പിച്ചത്. ആകെ 2,117 പത്രികകൾ സമർപ്പിച്ചു. പിഴവുകൾ ഒഴിവാക്കാൻ ഭൂരിഭാഗം സ്ഥാനാർത്ഥികളും ഒന്നിലധികം പത്രികകൾ സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട്ടാണ് കൂടുതൽ സ്ഥാനാർത്ഥികൾ-141.

137ഉം 136 ഉം സ്ഥാനാർത്ഥികളുമായി മലപ്പുറവും തിരുവനന്തപുരവുമാണ് തൊട്ടു പിന്നിൽ. വയനാട്ടിലാണ് ഏറ്റവും കുറവ് സ്ഥാനാർത്ഥികൾ പത്രിക സമർപ്പിച്ചത്. 28 പേർ. പത്രികകളുടെ സൂക്ഷ്മപരിശോധന രാവിലെ 11 ന്

ആരംഭിക്കും. പത്രികകൾ പിൻവലിക്കാൻ സമയം മറ്റന്നാളാണ് അവസാനിക്കുക.

✪✪✪

സംസ്ഥാനത്ത് പ്രിസൈഡിങ് ഓഫീസർമാരുടെയും ഫസ്റ്റ് പൊളിംഗ് ഓഫീസർമാരുടെയും മൈക്രോ ഒബ്സർവർമാരുടെയും പരിശീലനം ഇന്ന് ആരംഭിക്കും. രാവിലെയും ഉച്ചക്കുമായി രണ്ട് സെഷനുകളിലാണ് പരിശീലനം. പരീക്ഷ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകർക്ക് നിശ്ചിത ദിവസം പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാതെ വന്നാൽ ഇന്ന് മുതൽ 29 വരെ ഏതെങ്കിലും തിയ്യതിയിൽ  പരിശീലനം നേടാവുന്നതാണ്.

✪✪✪

തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിലും തിരഞ്ഞെടുപ്പ് സംബന്ധമായ മറ്റു പ്രവർത്തനങ്ങളിലും കുട്ടികളെ ഉപയോഗിക്കാൻ പാടില്ലെന്ന്  തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ചു.

റാലികൾ, മുദ്രാവാക്യം വിളികൾ, പോസ്റ്റർ-ലഘുലേഖ വിതരണം, തിരഞ്ഞെടുപ്പ് യോഗങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കാൻ പാടില്ല. തിരഞ്ഞെടുപ്പ് കവിതകൾ, പാട്ടുകൾ, പ്രസംഗം, രാഷ്ട്രീയ പാർട്ടിയുടെയോ സ്ഥാനാർഥിയുടെയോ ചിഹ്നങ്ങളുടെ പ്രദർശനം തുടങ്ങിയ പ്രവർത്തനങ്ങളിലും കുട്ടികളെ ഉൾപ്പെടുത്തരുത്.

✪✪✪

സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർകോട് ജില്ലയിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷിനുകളുടെ വിതരണം ആരംഭിച്ചു. ജില്ലയിലെ എല്ലാ നിയോജക മണ്ഡലങ്ങളിലെയും റിട്ടേണിംഗ് ഓഫീസർമാരുടെ പ്രതിനിധികളും ജില്ലാ കലക്ടറിൽ നിന്ന് EVM മിഷനുകൾ ഏറ്റുവാങ്ങി.

കാസർകോട്ട് നിന്ന് പി ജഗന്നിവാസൻ...

........വോയ്സ്.........

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ തുടക്കം മുതൽ വോട്ടെണ്ണൽ വരെ എല്ലാ പ്രചാരണ പരിപാടികളിലും ഹരിതചട്ടം കർശനമായി പാലിക്കണമെന്ന് കോഴിക്കോട് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് നിർദേശിച്ചു. ഹരിതചട്ടവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു കലക്ടർ.

ഹരിതചട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തദ്ദേശ ഭരണ സ്ഥാപന അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി. നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ പ്രചാരണത്തിന് ഉപയോഗിക്കുന്നത് തടയാനും നിയമനടപടികൾ സ്വീകരിക്കാനും ജില്ലാതലത്തിൽ ഗ്രീൻ പ്രോട്ടോകോൾ എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിക്കും. തിരഞ്ഞെടുപ്പ് ദിവസം പോളിങ് ഉദ്യോഗസ്ഥർക്ക് ഭക്ഷണം ഗ്രീൻ പ്രോട്ടോകോൾ പാലിച്ചായിരിക്കും വിതരണം ചെയ്യുക.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി കണ്ണൂർ ജില്ലയിലെ സുരക്ഷാ ക്രമീകരണങ്ങൾ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അവലോകന ചെയ്തു.

കണ്ണൂർ റേഞ്ച് ഡി.ഐ.ജി യതീഷ് ചന്ദ്ര സിറ്റി പോലീസ് കമ്മീഷണർ നിധിൻരാജ് റൂറൽ എസ്പി അനുജ് പാലിവാൽ എന്നിവർ നേതൃത്വത്തിലായിരുന്നു അവലോകനം. ചെക്ക് പോസ്റ്റുകളിൽ പരിശോധന ശക്തമാക്കാനും ലഹരിമരുന്ന്, അനധികൃത മദ്യം, കണക്കിൽപ്പെടാത്ത പണം എന്നിവയുടെ ഒഴുക്ക് തടയാൻ നടപടി സ്വീകരിക്കാനും യോഗം തീരുമാനിച്ചു.

✪✪✪

പശ്ചിമേഷ്യയിലെ സംഘർഷങ്ങൾക്കിടയിലും ബന്ധങ്ങളിൽ സൗഹൃദമുണ്ടാക്കുന്നതിനും തീരുമാനമെടുക്കുന്നതിനും, പ്രതിസന്ധി കൈകാര്യം ചെയ്യുന്നതിനും ഇന്ത്യ കഴിവ് തെളിയിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കഴിഞ്ഞമാസം 28 മുതൽ ആഗോളതലത്തിൽ പ്രക്ഷുബ്ധതയുണ്ടെന്നും, എന്നാൽ പ്രതികൂല സാഹചര്യങ്ങളിൽപ്പോലും, ആത്മവിശ്വാസത്തോടെ രാജ്യം മുന്നോട്ട് പോകുന്നുണ്ടെന്ന് ന്യൂഡൽഹിയിൽ സ്വകാര്യ മാധ്യമം സംഘടിപ്പിച്ച ഉച്ചകോടിയെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി പറഞ്ഞു. ഊർജ്ജം, വളം, അവശ്യവസ്തുക്കൾ എന്നിവയുടെ ലഭ്യതയിൽ ജനങ്ങൾക്ക് ചെറിയ ബുദ്ധിമുട്ടുകൾ പോലും നേരിടുന്നില്ലെന്ന് ഉറപ്പാക്കാൻ രാജ്യം ശ്രമങ്ങൾ തുടരുന്നുണ്ടെന്നും പ്രധാനമന്ത്രി അറിയിച്ചു.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി ഫോണിൽ സംസാരിച്ചു. പശ്ചിമേഷ്യൻ സംഘർഷവും അന്താരാഷ്ട്ര സമ്പദ് വ്യവസ്ഥയിൽ അതിന്റെ സ്വാധീനവും കേന്ദ്രീകരിച്ചായിരുന്നു ചർച്ചകൾ എന്ന് ജയശങ്കർ സാമൂഹിക മാധ്യമത്തിൽ അറിയിച്ചു. ഊർജ്ജ സുരക്ഷാ ആശങ്കകളെക്കുറിച്ച് ഇരുവരും സംസാരിച്ചതായും അദ്ദേഹം വ്യക്തമാക്കി.

സൗദി അറേബ്യ, UAE, എന്നിവയുൾപ്പെടെ ഗൾഫ് സഹകരണ കൗൺസിൽ അംഗരാജ്യങ്ങളുടെ പ്രതിനിധികളുമായും ഡോ. ജയശങ്കർ ഇന്നലെ കൂടിക്കാഴ്ച നടത്തി. ബഹ്‌റൈൻ, ഒമാൻ, കുവൈത്ത്, ഖത്തർ എന്നീ രാജ്യങ്ങളുടെ അംബാസിഡർമാരും യോഗത്തിൽ പങ്കെടുത്തു. മേഖലയിൽ ഇന്ത്യൻ സമൂഹത്തിന് ലഭിക്കുന്ന തുടർച്ചയായ പിന്തുണയ്ക്ക് ജയശങ്കർ നന്ദി അറിയിച്ചു.

✪✪✪

വിദേശകാര്യ മന്ത്രാലയ കിഴക്കൻ മേഖലാ സെക്രട്ടറി P. കുമരൻ കംബോഡിയയിലെ വിദേശകാര്യ, അന്താരാഷ്ട്ര സഹകരണ മന്ത്രാലയത്തിലെ സ്റ്റേറ്റ് സെക്രട്ടറി UN. ഖിയാങ്ങുമായി കൂടിക്കാഴ്ച നടത്തി. ഇരുവരും ഉഭയകക്ഷി സഹകരണവും ഇന്ത്യ-കംബോഡിയ ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്ന കാര്യങ്ങളും ചർച്ച ചെയ്തതായി വിദേശകാര്യ മന്ത്രാലയം സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

സംസ്ഥാനത്ത് ഉയർന്ന താപനിലക്ക് സാധ്യത കണക്കിലെടുത്ത് വ്യാഴാഴ്ച വരെ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു. ഇടുക്കി, വയനാട് ഒഴികെ 12 ജില്ലകളിലും മഞ്ഞ ജാഗ്രത നിലവിലുണ്ട്.

കൊല്ലം, പാലക്കാട്, ജില്ലകളിൽ താപനില 38 ഡിഗ്രി സെൽഷ്യസ് വരെയും ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ 37 ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയരാം.

രാവിലെ 11 മുതൽ വൈകീട്ട് 3 വരെ നേരിട്ട് വെയിൽ കൊള്ളുന്നത് ഒഴിവാക്കണമെന്നും കാലാവസ്ഥാ വകുപ്പ് നിർദേശിച്ചു.

✪✪✪

ഇന്ന് ലോക ക്ഷയരോഗ ദിനം. ക്ഷയരോഗമെന്ന പകർച്ചവ്യാധിയെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണ ലക്ഷ്യം. "അതെ! നമുക്ക് ടിബി അവസാനിപ്പിക്കാൻ കഴിയും" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

പ്രഥമ ദേശീയ ഇൻഡോർ അത് ലറ്റിക്സ് ചാമ്പ്യൻഷിപ്പിന് ഇന്ന് ഭുവനേശ്വറിൽ തുടക്കമാകും. രണ്ട് ദിവസമാണ് മീറ്റ്. കലിംഗ സ്റ്റേഡിയത്തിൽ നടത്തുന്ന ചാമ്പ്യൻഷിപ്പിൽ 278 കായിക താരങ്ങൾ പങ്കെടുക്കും. ആകെ 11 ഇനങ്ങളിലാണ് മൽസരം.

✪✪✪

ഇന്ത്യൻ ഫുട്ബോൾ ലീഗിൽ, ഐസ്വാൾ FCയും, ചാൻമാരി എഫ്സിയും തമ്മിലെ മത്സരം ഇന്ന്. ഐസ്വാളിലെ രാജീവ് ഗാന്ധി സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകിട്ട് 6:30 നാണ് മത്സരം.

✪✪✪

കൊൽക്കത്തയിൽ ISL ഫുട്ബോളിൽ മുഹമ്മദൻസിനെ ഈസ്റ്റ് ബംഗാൾ ഏഴ് ഗോളുകൾക്ക് തോൽപ്പിച്ചു. ഇതോടെ ആറ് കളികളിൽ നിന്ന് 11 പോയിന്റുമായി ഈസ്റ്റ് ബംഗാൾ ഗ്രൂപ്പിൽ നാലാം സ്ഥാനത്താണ്. അഞ്ച് കളികളിൽ തോറ്റ മുഹമ്മദൻസ് അവസാന സ്ഥാനത്തുമാണ്.

✪✪✪

തമിഴ്നാട് നിയമസഭാ തെരഞ്ഞെടുപ്പിൽ NDA സഖ്യത്തിലെ സീറ്റ് വിഭജനം പൂർത്തിയായി. BJP 27 സീറ്റിലും PMK അൻപുമണി രാംദാസ് വിഭാഗം 18 സീറ്റിലും TTV ദിനകരന്റെ അമ്മമക്കൾ മുന്നേറ്റ കഴകം 11 സീറ്റിലും മത്സരിക്കും. തമിഴ്നാട്ടിൽ ഏപ്രിൽ 23നാണ് തെരഞ്ഞെടുപ്പ്.

✪✪✪

പുതുച്ചേരിയിൽ നിയമസഭാ തിരഞ്ഞെടുപ്പിന് ഇന്ത്യൻ നാഷണൽ കോൺഗ്രസും DMK യും സീറ്റ് വിഭജനത്തിൽ ധാരണയായി. കോൺഗ്രസ് 16 സീറ്റുകളിലും, 14 സീറ്റുകളിൽ DMKയും മൽസരിക്കും. ഇന്ത്യ സഖ്യ പങ്കാളികളായ വിടുതലൈ ചിരുതൈഗൽ കച്ചി, CPI എന്നിവയ്ക്ക് ഓരോ സീറ്റ് വീതം നൽകും.

✪✪✪

പുതുച്ചേരിയിൽ നിയമസഭാ തെരഞ്ഞെടുപ്പിന് നടൻ വിജയ്യുടെ തമിഴഗ വെട്രി കഴകം പാർട്ടി നെയം മക്കൾ കഴകവുമായി സഖ്യത്തിലായി. ടി.വി.കെ സഖ്യത്തിന്റെ ഭാഗമായി തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ സ്വതന്ത്ര നിയമസഭാംഗമായ ജി. നെഹ്റുവിന്റെ അഭ്യർത്ഥന വിജയ് അംഗീകരിച്ചതിനെ തുടർന്നാണ് തീരുമാനമെടുത്തതെന്ന് ടി.വി.കെ ജനറൽ സെക്രട്ടറി എൻ. ആനന്ദ് പറഞ്ഞു.

✪✪✪

വിരലിൽ പുരട്ടിയ മഷിയടയാളം ജനാധിപത്യത്തിന്റെ കാവലാണെന്ന സന്ദേശവുമായി കാസർഗോഡ്പള്ളിക്കര ബീച്ചിൽ കൂറ്റൻ മണൽശില്പം ഒരുങ്ങി. നിയമസഭാ തിരഞ്ഞെടുപ്പിൽ നൂറുശതമാനം വോട്ടുറപ്പാക്കാൻ ജില്ലാ ഭരണകൂടവും സ്വീപ്പും സംയുക്തമായി സംഘടിപ്പിച്ച 'വോട്ടായനം 2026' പ്രചാരണ പരിപാടിയുടെ ഭാഗമായാണ് ശില്പം നിർമ്മിച്ചത്. ശില്പി ചിത്രൻ കുഞ്ഞിമംഗലം അഞ്ചുമണിക്കൂർ കൊണ്ടാണ് വോട്ട് രേഖപ്പെടുത്തിയ ഇടതുകൈ ശില്പം തീർത്തത്.

✪✪✪

രണ്ടാമത് TN പ്രകാശ് സാഹിത്യ പുരസ്കാരം കണ്ണൂരിൽ ജമാൽ കൊച്ചങ്ങാടിയ്ക്ക് വൈകീട്ട് നോവലിസ്റ്റ് M. മുകുന്ദൻ സമ്മാനിക്കും. സിനഗോഗ് ലൈൻ എന്ന നോവലിനാണ് പുരസ്കാരം. അനുസ്മരണ സമ്മേളനം കഥാകൃത്ത് T പദ്മനാഭൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ പുളിങ്ങോം രാജഗിരിയിലെ ക്വാറിയിൽ പാറ പൊട്ടിക്കുന്നതിനിടെ കൂറ്റൻപാറ റോഡിലേക്ക് ഇടിഞ്ഞുവീണു.

ഇതേ തുടർന്ന് രാജാഗിരിയിൽ നിന്ന് ജോസ്ഗിരിയിലേക്ക് റോഡ് ഗതാഗതം പൂർണ്ണമായും തടസ്സപ്പെട്ടു. ഇന്നലെ വൈകിട്ടായിരുന്നു അപകടം.

✪✪✪

*News Editor & News Reader: വി കെ സുരേഷ്*
*News Team: ശ്രുതി എം, സബിത കെ*
*DEO: സി കെ സുബോധ്*